**കേരള സർക്കാർ**

സംഗ്രഹം

ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം & കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നിവരുടെ പേരിലും ഡയറക്ടർ ഓഫ് ഹാൻഡ് ലൂം &ടെക്സ്റ്റൈൽസ് & കുടുംബശ്രീ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & ഫിനാൻസ്) എന്നിവരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി -പരിഷ്കരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1128/2018/ധന.** തിരുവനന്തപുരം, തീയതി **14.02.2018**

---

പരാമർശം - 1. 20.01.2018 ലെ സ.ഉ(സാധാ) നം. 500/2018/ധന

2. കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടറുടെ 30.01.2018 ലെ എച്ച്എൽ/സി6/6719/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം 'Yuva Weave' പദ്ധതിയ്ക്കായി അനുവദിച്ച തുക കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിൽ ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - കുടുംബശ്രീ ജില്ലാ പ്രോജക്ട് ഓഫീസർ എന്നിവരുടെ പേരിലുള്ള സംയുക്ത TSB A/C തുടങ്ങുന്നതിനും സംസ്ഥാന തലത്തിൽ ഡയറക്ടർ ഓഫ് ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ്- കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ എന്നിവരുടെ പേരിലുള്ള സംയുക്ത TSB A/C തുടങ്ങുന്നതിനും സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ കുടുംബശ്രീയിൽ നിന്നും ഓഫീസർമാരുടെ പേരുകൾ തെറ്റായി തന്നതാണെന്നും പകരം ജില്ലാതലത്തിൽ കുടുംബശ്രീ ജില്ലാ പ്രോജക്ട് ഓഫീസർ എന്നതിനു പകരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നും സംസ്ഥാന തലത്തിൽ കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ എന്നതിനു പകരം കുടുംബശ്രീ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & ഫിനാൻസ്) എന്നും മാറ്റി നൽകണമെന്ന് കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം & കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നിവരുടെ പേരിലും ഡയറക്ടർ ഓഫ് ഹാൻഡ് ലൂം &ടെക്സ്റ്റൈൽസ് & കുടുംബശ്രീ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & ഫിനാൻസ്) എന്നിവരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ സംയുക്ത പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ, നാലാം നില, വികാസ് ഭവൻ., തിരുവനന്തപുരം - 695 033
ധനകാര്യ (PU-D) വകുപ്പ്
നോഡൽ ഓഫീസർ, <u>www.finance.kerala.gov.in</u>
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ